"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്-സമാശ്വാസ തൊഴിൽ ദാന പദ്ധതി -കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ ഓഫീസ് അറ്റൻഡൻറ് ആയിരിക്കെ മരണപ്പെട്ട കെ. എം. അബൂബക്കറിന്റെ മകൻ ശ്രീ കെ. എം.ഇലാൻ അബൂബക്കറിന്, കോഴിക്കോട് ജില്ലയിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ, ആശ്രിതനിയമനം വഴി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഐ ബി) വകുപ്പ്**

G.O.(Ms)No.267/2021/LSGD തീയതി,തിരുവനന്തപുരം, 16/11/2021

പരാമർശം:-
1. 30/12/1991 ലെ സ.ഉ (പി) നം. 45/91/ ഉ. ഭ.പ.വ നമ്പർ ഉത്തരവ്
2. 12/9/1996-ലെ സ. ഉ (പി)നം. 460/96 ാം നം.വിജ്ഞാപനം
3. 24/05/1999-ലെ സ.ഉ (പി)നം. 12/1999/ ഉ. ഭ.പ.വ നമ്പർ ഉത്തരവ്.
4. 18/11/1999-ലെ സ. ഉ (പി) നം. 24/1999/ഉ. ഭ.പ.വ നമ്പർ ഉത്തരവ്.
5. 12/04/2010-ലെ സ.ഉ (പി) നം. 14/2010/ഉഭ.പ.വ നമ്പർ ഉത്തരവ്.
6. 23/7/2013 - ലെ സ. ഉ(കൈ) നം. 21/2013/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
7. 29/08/2013-ലെ സ.ഉ (പി)നം. 24/2013/ഉ. ഭ.പ.വ നമ്പർ ഉത്തരവ്.
8. 26/09/2014-ലെ സ. ഉ (പി) നം.33/2014/ഉ. ഭ.പ.വ നമ്പർ ഉത്തരവ്.
9. 19/10/2019-ലെ ശ്രീ. ഇലാൻ അബൂബക്കറിന്റെ അപേക്ഷ.
10. 7/01/2020,27/10/2021 തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ 102/എസ്റ്റാ.സി2/2019/സി.ആർ.ഡി.നമ്പർ കത്ത്.
11. 6/07/2021-ലെ കോഴിക്കോട് ജില്ലാകളക്ടറുടെ DCKKD/966/2020-S4 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ ഓഫീസ് അറ്റൻഡൻറ് ആയിരിക്കെ മരണപ്പെട്ട കെ. എം. അബൂബക്കറിന്റെ മകൻ ശ്രീ.കെ.എം ഇലാൻ അബൂബക്കർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (9) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (10)പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (11) പ്രകാരം കോഴിക്കോട് ജില്ലാകളക്ടറും ശുപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മരണപ്പെട്ട ജീവനക്കാരന് 13 വർഷവും 4 മാസവും 9 ദിവസവും സർവീസുണ്ടായിരുന്നു.

2.പരേതന്റെ മരണശേഷം കുടുംബത്തിലെ ആർക്കും തന്നെ ഈ പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകിയിട്ടില്ല. അപേക്ഷകനായ ശ്രീ. ഇലാൻ അബൂബക്കറിന്റെ ജനനത്തീയതി 30/03/2001 ആണ്. അപേക്ഷ സമർപ്പിച്ച തീയതിയിൽ ടിയാന് 18 വയസ്സ് പൂർത്തിയായിരുന്നു. ടിയാൻ പ്ലസ്ടു പാസായിട്ടുണ്ട്. ടിയാൻ ക്ലാർക്ക്/വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനാണ് അപേക്ഷിച്ചിട്ടുള്ളത്. ശ്രീ. കെ. എം. ഇലാൻ അബൂബക്കറിന് ആശ്രിത നിയമനം വഴി ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -2 തസ്തികയിൽ നിയമനം നൽകാവുന്നതാണെന്നും ആശ്രിത നിയമനത്തിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ കോഴിക്കോട് ജില്ലയിൽ നിലവിൽ ഒരു ഒഴിവുണ്ടെന്നും എന്നാൽ ക്ലാർക്ക് തസ്തികയിൽ വകുപ്പിൽ ആശ്രിത നിയമനത്തിനായി ഒഴിവില്ലെന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശം (10)ലെ 27/10/2021- ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ,കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ മരണപ്പെട്ട കെ. എം. അബൂബക്കറിന്റെ മകൻ ശ്രീ കെ. എം.ഇലാൻ അബൂബക്കറിന് ഗ്രാമവികസന വകുപ്പിൽ കോഴിക്കോട് ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരം നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. പരാമർശം (3), (8) ലെ ഉത്തരവുകളിലെ നിബന്ധനകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പരിശോധന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, അനന്തരവകാശ സർട്ടിഫിക്കറ്റ് ഉടങ്ങിയ എല്ലാ രേഖകളുടെയും യഥാർത്ഥ പ്രതി നിയമനാധികാരി പരിശോധിച്ച് ഉറപ്പുവരുത്തി അപേക്ഷകന് ഗ്രാമവികസന വകുപ്പിൽ നിലവിലുള്ളതോ ഒഴിവു വരുന്നതോ ആയ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -2 തസ്തികയിൽ കോഴിക്കോട് ജില്ലയിൽ നിയമനം നൽകേണ്ടതും ഒരു പകർപ്പ് സർക്കാരിൽ തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. പരാമർശം (2) സർക്കാർ വിജ്ഞാപന പ്രകാരം അപേക്ഷകന്റെ നിയമനത്തിനു ശേഷം പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ ബന്ധപ്പെട്ട വകുപ്പുതല പരീക്ഷകൾ പാസായിരിക്കേണ്ടതുമാണ്.

5.അപേക്ഷ സമർപ്പിക്കുന്ന സമയത്തോ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്തതായി സർക്കാരിന് എപ്പോഴെങ്കിലും ബോദ്ധ്യപ്പെടുകയോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.മരണമടഞ്ഞ കെ. എം. അബൂബക്കറിന്റെ സേവനപുസ്തകത്തിലും ടിയാൻ അവസാനം ജോലി ചെയ്ത എസ്റ്റാബ്ലീഷ്മെന്റ് രജിസ്റ്ററിലും ശ്രീ കെ. എം.ഇലാൻ അബൂബക്കറിന്റെ നിയമനം രേഖപ്പെടുത്തേണ്ടതും മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6.പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥപ്രകാരം, അപേക്ഷകന്റെ ജനനത്തീയതിയിൽ സർവീസ് ബുക്കിൽ എന്തെങ്കിലും തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ സർവീസിൽ പ്രവേശിച്ച് അഞ്ച

വർഷത്തിനുള്ളിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shibi Abraham
Deputy Secretary

ശ്രീ ഇലാൻ അബൂബക്കർ കെ എം, 56/1885(21/1093 എ) ഹിറ , കാഞ്ഞിരവയൽ, അയ്യങ്കാർ റോഡ്, കല്ലായി.പി.ഒ കോഴിക്കോട് 673 003

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ജില്ലാകളക്ടർ, കോഴിക്കോട്

പ്രോജക്റ്റ് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, കോഴിക്കോട്

എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) ) വകുപ്പ്

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ( ഇ&ആർ എസ് എ/ജി. എസ്. എസ് എ ) വകുപ്പ്

ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി